അഭ്യർത്ഥിക്കുന്നു. സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ട്രാഫിക് ബ്ലോക്കിൽപ്പെട്ട് കാറ് നിർത്തിയപ്പോഴാണ് തന്നെ മർദ്ദിച്ച് കാർ തട്ടിയെടുത്തതെന്നാണ് ഡ്രൈവർ വാമദേവൻ കൊടുത്ത പരാതിയിൽ പറഞ്ഞിട്ടുള്ളത്. വാഹനം വാങ്ങുവാൻ പണം കടം നൽകുന്നവർ നിയമാനുസരണം മാത്രമേ പ്രവർത്തിക്കുവാൻ അനുവദിക്കുകയുള്ളൂ. നിയമം കൈയിലെടുക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) പത്തനംതിട്ട ജില്ലയിൽ നിർദ്ദിഷ്ട സ്പെഷ്യൽ സ്റ്റേറ്റ് കൃഷിഫാം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : നമ്മുടെ സംസ്ഥാനത്ത് ഒരു സ്പെഷ്യൽ കൃഷിഫാം തുടങ്ങേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുവാനും അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിനും വേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ഒരു സ്പെഷ്യൽ കൃഷിഫാം ആരംഭിക്കുകയെന്ന ആശയം അന്തരിച്ച മുൻകൃഷി വകുപ്പുമന്ത്രി വി.കെ. രാജന്റേതാണ്. ഈ കൃഷിഫാം ആരംഭിക്കുന്നതുകൊണ്ട് നമുക്ക് ഉണ്ടാക്കുവാൻ കഴിയുന്ന നേട്ടങ്ങൾ അനവധിയാണ്. ഇന്ന് കാർഷികരംഗത്ത് ഉണ്ടായിരിക്കുന്ന മുരടിപ്പ് പലതരത്തിലാണ്. കർഷകർക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയാണ്. കൃഷിയുടെ ഉല്പാദനച്ചെലവ് കർഷകർക്ക് താങ്ങുവാൻ കഴിയാത്ത തരത്തിലായിരിക്കുന്നു. വിളകൾക്ക് ന്യായമായ വില കിട്ടുന്നില്ല. ചെലവ് അനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല. അതിന് കാരണം നല്ലയിനം വിത്തും തൈകളും ലഭിക്കാത്തതാണ്. നമ്മുടെ സംസ്ഥാനത്തെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന വിത്തുകളും തൈകളും ആവശ്യാനുസരണം കർഷകന് ലഭ്യമാക്കുന്ന സ്ഥിതിയില്ല. അതുകൊണ്ട് കൃഷിക്കാർക്ക് വിത്തും തൈകളും ലഭ്യമാക്കുന്നതിനുവേണ്ടി പ്രൈവറ്റ് ഡീലേഴ്സിന്റെ സഹായം തേടേണ്ടിവരുന്നു. അവർ കൊടുക്കുന്ന വിത്തും തൈകളും ഗുണനിലവാരം വളരെ കുറഞ്ഞതാണെന്ന് പലപ്പോഴും ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന വിത്തും തൈകളുമൊക്കെ പലപ്പോഴും മുളയ്ക്കുന്നില്ല, തൈകൾ മുളയ്ക്കുന്നില്ല എന്ന ആക്ഷേപം പത്രത്തിൽക്കൂടി ദൈനംദിനം വന്നുകൊണ്ടിരിക്കുന്നു. കാർഷികോൽപ്പാദനരംഗത്ത് തകർച്ച ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിന് പരിഹാരം എന്ന നിലയ്ക്കാണ് സംസ്ഥാനത്ത് സ്പെഷ്യൽ കൃഷിഫാം തുടങ്ങണമെന്ന തീരുമാനം കൈക്കൊണ്ടത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു പ്രദേശത്ത് ഇത് തുടങ്ങുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ ചന്ദനപ്പള്ളി എസ്റ്റേറ്റിലെ 'ഇ' ഡിവിഷനിൽ തരിശായി കിടന്ന 100 ഏക്കറോളം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം ഇതിനുവേണ്ടി മാറ്റിയിട്ടിരിക്കുകയാണ്. ആ സ്ഥലം വിട്ടുകിട്ടുന്നതിനു വേണ്ടി മുൻമന്ത്രി വി.കെ. രാജന്റെ അദ്ധ്യക്ഷതയിൽ പ്രാഥമികചർച്ചകൾ നടത്തുകയും ചെയ്തു. മുൻമന്ത്രിയും ഞാനും പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാനും എം.ഡി.യും മറ്റ് ഉന്നതരായ ഉദ്യോഗസ്ഥന്മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ചന്ദനപ്പള്ളി എസ്റ്റേറ്റിലെ 'ഇ' ഡിവിഷനിലെ 100 ഏക്കറോളം സ്ഥലം, അതായത് പ്രമാണം പഞ്ചായത്തിൽ ആഴക്കുട്ടം എന്ന പ്രദേശത്ത് സ്ഥലം വിട്ടുകൊടുക്കാമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശത്ത് മറ്റ് പരിശോധനകളൊക്കെ നടന്നു. പരിശോധനകൾ എന്നു പറഞ്ഞാൽ, വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ അവിടെ വന്ന് സ്ഥലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ എന്തുകൊണ്ടും അനുയോജ്യമായ പ്രദേശമാണെന്ന് റിപ്പോർട്ട് കൊടുക്കുകയും അതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ടുതന്നെ തയ്യാറാക്കുകയുമുണ്ടായി. അങ്ങനെയിരിക്കുമ്പോഴാണ് മന്ത്രിയായിരുന്ന വി.കെ. രാജൻ അന്തരിച്ചത്. അതിനുശേഷം അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങി. അങ്ങ് പലവട്ടം അവിടെ കൃഷിഫാം തുടങ്ങുമെന്ന് പ്രഖ്യാപിച്ചു. അങ്ങ് ഒരിക്കൽ പ്രഖ്യാപിച്ച കാര്യം ഞാൻ പറയാം, - 1997 ആഗസ്റ്റ് മാസം 30-ാം തീയതി കേരളകൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. ''കൃഷിവകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവ നടപ്പു സാമ്പത്തികവർഷം റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുമെന്ന് മന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ പ്രസ്താവിച്ചു. പ്ലാന്റേഷൻ കോർപ്പറേഷൻ ചന്ദനപ്പള്ളി എസ്റ്റേറ്റിൽ നാലര ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സൈക്കിൾ, ഓട്ടോറിക്ഷ, മോട്ടോർ സൈക്കിൾ എന്നിവയുടെ ടയറുകളും ട്യൂബുകളും നിർമ്മിക്കുന്ന സംരംഭത്തിനാണ് ആദ്യം തുടക്കം കുറിക്കുക. പ്ലാന്റേഷന്റെ ഒരു യൂണിറ്റ് കൊടുമണ്ണിൽ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. കൃഷി വകുപ്പ് ഫാം ടൂറിസത്തിന് മുൻതൂക്കം നൽകാനും ഉദ്ദേശിക്കുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കാലടി, കൊടുമൺ ഗ്രൂപ്പുകൾ ഫാം ടൂറിസം പദ്ധതി നടപ്പു സാമ്പത്തിക വർഷം ആരംഭിക്കും. കേരളത്തിൽ ആദ്യമായി ആരംഭിക്കുന്ന പദ്ധതി ലാഭകരമായിരിക്കുമെന്നാണ് പ്രതീക്ഷ''. അങ്ങ് പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം കൃഷി വകുപ്പിന്റെ സ്പെഷ്യൽ കൃഷിഫാം മാർച്ച് 31-ന് മുമ്പായി കോന്നിയിൽ ആരംഭിക്കും എന്നതാണ്. ഈ പത്രത്തിൽ മാത്രമല്ല, ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ എല്ലാ പത്രങ്ങളിലും ആവർത്തിച്ചാവർത്തിച്ചുള്ള അങ്ങയുടെ പ്രഖ്യാപനങ്ങൾ പലപ്പോഴായി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ഈ സംസ്ഥാനത്ത് സ്പെഷ്യൽ കൃഷിഫാം തുടങ്ങാതിരിക്കുന്നതിന് പല മുടന്തൻ ന്യായങ്ങളും ഉന്നയിക്കുകയാണ്. ഈ സ്ഥലം വനംവകുപ്പിൽനിന്ന് വിട്ടുകൊടുത്തതാണ്. ഈ സ്ഥലം കൃഷി ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുക്കുകയും പ്ലാന്റേഷൻ കോർപ്പറേഷൻ രൂപീകൃതമായപ്പോൾ അവിടെ റബ്ബർ പ്ലാന്റ് ചെയ്യുന്നതിന് ഈ സ്ഥലം വിട്ടുകൊടുക്കുകയും ചെയ്തു. വനംവകുപ്പിന്റെ തടസ്സങ്ങളൊക്കെ ഉണ്ടായിരുന്നു എന്നാണ് അങ്ങ് മറുപടി പറയാൻ പോകുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മറ്റൊരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. പന്തളത്ത് മന്നം ഷുഗർമിൽ ആരംഭിച്ചു. അവിടെ ആവശ്യമായ കരിമ്പ് ലഭ്യമാക്കുന്നതിനുവേണ്ടി, കരിമ്പുകൃഷി നടത്തുന്നതിനുവേണ്ടി ഫാമിംഗ് കോർപ്പറേഷൻ രൂപീകരിച്ച് വനം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽനിന്ന് വ്യവസായ വകുപ്പിനാവശ്യമായ സ്ഥലവും വിട്ടുകൊടുത്തു. അതിനുശേഷം ആ സ്ഥാപനം പൂട്ടിയപ്പോൾ വ്യവസായ വകുപ്പ് കൃഷി ഡിപ്പാർട്ടുമെന്റിന് ആ സ്ഥലം വിട്ടുകൊടുക്കുകയും കൃഷി ഡിപ്പാർട്ടുമെന്റ് അത് ഏറ്റെടുത്ത് റബ്ബർ പ്ലാന്റ് ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ മുടന്തൻ ന്യായങ്ങൾ പലതും ചൂണ്ടിക്കാണിച്ച് ഒരു സ്ഥാപനം വരുന്നതിനെതിരായി നിൽക്കരുതെന്ന് ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചൂണ്ടിക്കാണിക്കാനുള്ളത്, അങ്ങ് ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. അതിലൊന്നെങ്കിലും നടപ്പിലാക്കുമോ? ഒരു പഴഞ്ചൊല്ലുണ്ട്. 'ആന കൊടുത്താലും ആശ കൊടുക്കരുത്' എന്ന്. ഞങ്ങൾക്കൊക്കെ വലിയ ആശ തന്നതാണ്. ആ നാട്ടിലെ ജനങ്ങളെല്ലാം വലിയ ആശയോടുകൂടിയിരിക്കുകയാണ്. അത് നടപ്പാക്കാൻ, അങ്ങയുടെ മുൻഗാമിയായ വി.കെ. രാജന്റെ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി അങ്ങ് ഈ കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ ചെലുത്തണമെന്നും ഇത് നടപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, എന്റെ പ്രിയസുഹൃത്ത് ശ്രീ. അടൂർപ്രകാശ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ അവിടെ ഒരു സ്റ്റേറ്റ് കൃഷിഫാം വരുന്നതിനെതിരായിട്ടുള്ള വാദഗതികളാണ്. ഗവൺമെന്റ് ഫാമുകളിൽനിന്ന് കൊടുക്കുന്ന വിത്തുകൾ ഒന്നും മുളയ്ക്കുന്നില്ല. അങ്ങനെയുള്ള ഒരു ഫാം ആണ് അവിടെ സ്ഥാപിക്കാൻ പറയുന്നത്. പിന്നെ അവിടെ എങ്ങനെയാണ് വിത്ത് മുളയ്ക്കുന്നത്?

ശ്രീ. അടൂർ പ്രകാശ് : എന്തും പറയാമെന്നാണോ ..... (ബഹളം) .....

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ; എന്താണ് സർ ഇത്? ഞാൻ മറുപടി പറയണ്ടേ? എന്നാൽ അദ്ദേഹം മറുപടി പറയട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെ മൈക്ക് കൊടുത്തിട്ടില്ല. അങ്ങേയ്ക്ക് മറുപടി പറയാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വെറുതെ ബഹളമുണ്ടാക്കേണ്ട കാര്യമുണ്ടോ? അദ്ദേഹം പറഞ്ഞത് ഗവൺമെന്റ് ഫാമുകളിൽനിന്ന് വിതരണം ചെയ്യുന്ന വിത്ത് മുളയ്ക്കുന്നില്ല എന്നാണ്. പത്തനംതിട്ടയിൽ ഒരു സ്പെഷ്യൽ ഫാം ഉണ്ടായാൽ അവിടെനിന്ന് വിത്ത് വിതരണം ചെയ്താൽ അത് മുളയ്ക്കുമോ? സ്വകാര്യ ഏജൻസികളുടെ പക്കൽനിന്ന് കൃഷി വകുപ്പ് ഒരു വിത്തും വാങ്ങുന്നില്ല. അക്കാര്യത്തിൽ ഞാൻ ശ്രീ. അടൂർ പ്രകാശിനെ വെല്ലുവിളിക്കുകയാണ്. തെളിവ് ഹാജരാക്കട്ടെ. കാർഷിക സർവ്വകലാശാല കെ.എച്ച്.ഡി.പി., ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽനിന്നുമാണ് ഞങ്ങൾ വിത്ത് വാങ്ങുന്നതും വിതരണം ചെയ്യുന്നതും. നാഷണൽ സീഡ് കോർപ്പറേഷന്റെ നെൽവിത്താണ് വാങ്ങുന്നത്. ഞങ്ങൾ ഒരു സ്വകാര്യ ഏജൻസിയുടെ വിത്തും വാങ്ങുന്നില്ല. അങ്ങനെ ചെയ്തിരുന്നത് ബഹുമാനപ്പെട്ട അടൂർ പ്രകാശിന്റെ പാർട്ടി അധികാരത്തിലിരുന്ന കാലത്താണ്. അദ്ദേഹം ഇവിടെ എന്തൊക്കെയോ പറഞ്ഞു. ജില്ലകളുടെ പുനഃസംഘടന വന്നപ്പോൾ, പത്തനംതിട്ട, കാസർഗോഡ്, വയനാട് എന്നീ പുതിയ മൂന്നു ജില്ലകൾ നിലവിൽ വന്നപ്പോൾ മൂന്ന് ജില്ലകളിലെ കൃഷി വകുപ്പിന്റെ സ്പെഷ്യൽ ഫാമുകൾ ഇല്ല. കാരണം ആ ജില്ലകൾ വിഭജിച്ചുവന്ന മറ്റ് പ്രദേശങ്ങളിലാണ് സ്പെഷ്യൽ ഫാമുകൾ സ്ഥിതി ചെയ്യുന്നത്. ഈ മൂന്ന് ജില്ലയിലും സ്പെഷ്യൽ ഫാം സ്ഥാപിക്കണമെന്നാണ് കൃഷി വകുപ്പിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

അതിലൊന്ന് പത്തനംതിട്ട ജില്ലയിൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അടൂർ പ്രകാശ് എം.എൽ.എ., ശ്രീ. രാജു എബ്രഹാം എം.എൽ.എ., സി. പി.ഐ.യുടെ പത്തനംതിട്ട ജില്ലാ സെക്രട്ടറി എം. സുകുമാരപിള്ള എന്നിവരുടെ നിവേദനം ഗവൺമെന്റിന് അന്നു കിട്ടി. അതിനെത്തുടർന്ന് അവിടെ സ്പെഷ്യൽ ഫാം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചു. പ്ലാന്റേഷൻ കോർപ്പറേഷന്റെ 100 ഹെക്ടർ സ്ഥലം ഇതിനുവേണ്ടി എടുക്കണമെന്ന് ഒരു നിർദ്ദേശമുണ്ടായി. അതിനുവേണ്ടി പല ചർച്ചകൾ നടന്നു. മുൻ കൃഷി വകുപ്പു മന്ത്രിയായിരുന്ന അന്തരിച്ച വി.കെ. രാജന്റെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. ഞാൻ ഇതിന്റെ ചുമതല ഏറ്റെടുത്ത ശേഷം വീണ്ടും ചർച്ചകൾ ആരംഭിക്കുകയുണ്ടായി. പ്ലാന്റേഷൻ കോർപ്പറേഷൻ 100 ഹെക്ടർ സ്ഥലം വിട്ടുതരാൻ തയ്യാറാണ്. വനംവകുപ്പ് അവരുടെ പ്ലാന്റേഷൻ ആവശ്യത്തിനുവേണ്ടി ദീർഘകാലാടിസ്ഥാനത്തിൽ ലീസിനു കൊടുത്ത സ്ഥലമാണ്. ആ ഭൂമി കൃഷിവകുപ്പിന് നേരിട്ട് വിട്ടുതരാൻ അവരെ നിയമം അനുവദിക്കുന്നില്ല. അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചു. അന്ന് വനം വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പി.ആർ. കുറുപ്പുമായി ചർച്ച ചെയ്തു. വനം വകുപ്പിന്റെ പക്കൽനിന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ലീസിന് എടുത്ത ഭൂമി ഈ ആവശ്യത്തിനുവേണ്ടി കൃഷിവകുപ്പിന് തിരിച്ചുതരാൻ സെൻട്രൽ ഫോറസ്റ്റ് ആക്ട് അനുവദിക്കുന്നില്ല എന്നുള്ളതുകൊണ്ട് 1999 മാർച്ച് മാസത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി ഇത് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളുമായി സ്റ്റേറ്റ് സ്പെഷ്യൽ ഫാം രൂപീകരിക്കുന്നതിനുവേണ്ടി സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള ശ്രമം നടത്തിവരുകയാണ്. അവരുമായി നേരിട്ട് ചർച്ച ചെയ്തിട്ടുണ്ട്. വീണ്ടും ശ്രമം നടത്തുകയാണ്. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ വനം വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം വീണ്ടും ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടി ഒരു ലെറ്റർ കൊടുത്തിരിക്കുകയാണ്. അത് സാദ്ധ്യമാകുമെങ്കിൽ ആ സ്ഥലംതന്നെ ഉപയോഗിക്കാൻ കഴിയും. പത്തനംതിട്ട ജില്ലയിൽ ഒരു സ്പെഷ്യൽ സ്റ്റേറ്റ് കൃഷിഫാം വേണമെന്നുള്ളത് ഗവൺമെന്റിന്റേയും കൃഷി വകുപ്പിന്റേയും നിർബ്ബന്ധമാണ്. അവിടെ ഫാം സ്ഥാപിക്കുന്ന കാര്യത്തിൽനിന്ന് ഗവൺമെന്റ് പുറകോട്ടു പോകുന്ന പ്രശ്നമില്ല. മേൽപ്പറഞ്ഞ സ്ഥലം ലഭിച്ചില്ലെങ്കിൽ, സൗകര്യപ്രദമായ മറ്റൊരു സ്ഥലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവിടെ ഫാം സ്ഥാപിക്കുകയും ചെയ്യും.

<u>ശ്രീ. അടൂർ പ്രകാശ്</u> : അങ്ങ് മറുപടി പറഞ്ഞപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷൻ 100 ഹെക്ടർ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. ആ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭ്യമാകുന്നതുവരെ, ഇപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷൻ ചന്ദനപ്പള്ളി എസ്റ്റേറ്റിലെ ഡിവിഷനിൽ ചെയ്യാൻ പോകുന്ന പണികൾ റബ്ബർ പ്ലാന്റു ചെയ്യാൻ വേണ്ടി കുഴികളെടുത്തുകൊണ്ടിരിക്കുന്നത് താൽക്കാലികമായി, അനുമതി കിട്ടുന്നതുവരെ, നിർത്തിവയ്ക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : അങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റിനു കഴിയില്ല. 100 ഹെക്ടർ സ്ഥലം അവിടെ റീ-പ്ലാന്റ് ചെയ്യുന്നതിനുവേണ്ടി തീരുമാനിച്ചതാണ്. അത് റീ-പ്ലാന്റ് ചെയ്യാതെ വർഷങ്ങളോളം തരിശിടാനായി പ്ലാന്റേഷൻ കോർപ്പറേഷന് സാധിക്കുമോ എന്ന കാര്യം ഇപ്പോൾ പറയാൻ കഴിയില്ല. അക്കാര്യം അവരുമായിട്ട് ആലോചിച്ചശേഷം മാത്രമേ പറയാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly